കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമന്യായാലയങ്ങൾ തുടങ്ങുന്നതിന് റാന്നി, ശ്രീകൃഷ്ണപുരം, പൊന്നാനി ബ്ലോക്ക് പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിൽ നിലനിർത്തികൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2257/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 27.07.2016**

==========================================================================

പരാമർശം:
1. സ.ഉ.(കൈ) നം.86/11/ആഭ്യന്തരം തീയതി 01.03.2011
2. 28.06.2014 ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.
3. സ.ഉ.(കൈ) നം.3016/14/തസ്വഭവ തീയതി 20.11.2014
4. സ.ഉ.(സാധാ) നം.1123/16/തസ്വഭവ തീയതി 04.03.2016
5. സ.ഉ.(സാധാ) നം.1576/16/തസ്വഭവ തീയതി 30.04.2016
6. ഗ്രാമവികസന കമ്മീഷണറുടെ 30.05.2016 ലെയും 21.06.2016 ലെയും 4902/ജെ.ആർ.വൈ. 2/ 2013/ സിആർഡി നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം അനുമതി നൽകിയ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതതിയിലുള്ള പത്ത് ബ്ലോക്ക് പഞ്ചായത്തുകളിലെ കെട്ടിടങ്ങൾ ഉടമസ്ഥത ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി പരാമർശം 3, 4, 5 പ്രകാരം ഉത്തരവായിരുന്നു.

റാന്നി, ശ്രീകൃഷ്ണപുരം, എടപ്പാൾ എന്നിവിടങ്ങളിൽ അനുവദിച്ച ഗ്രാമന്യായാലയങ്ങൾക്കായി കെട്ടിടങ്ങൾ ലഭ്യമാണെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റാന്നി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അടുത്തുള്ള കെട്ടിടത്തിലെ 2 മുറികളും മുകളിലത്തെ ഹാളും (താത്കാലികമായി 2 വർഷത്തേക്ക്), ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന 1756 ചതുരശ്ര അടി കാർപെറ്റ് ഏരിയ വിസ്തീർണവും, 2266 ചതുരശ്ര അടി പ്ലിന്ത് ഏരിയ വിസ്തീർണ്ണവും ഉള്ള പഴയ ബ്ലോക്ക് ഓഫീസ് കെട്ടിടം (കെട്ടിട നം.14/505 ), പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പട്ടികജാതി വികസന ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾഭാഗത്ത് 2015-16 വർഷം പണികഴിപ്പിച്ച മിനി

ഓഡിറ്റോറിയം, ഇതേ കോമ്പൗണ്ടിൽ 100 മീറ്റർ പരിധിയിലുള്ള ഗ്രാമോൽപന്ന വിപണന കേന്ദ്രത്തിലെ ഹാൾ എന്നീ കെട്ടിടങ്ങൾ റാന്നി, ശ്രീകൃഷ്ണപുരം, എടപ്പാൾ എന്നിവിടങ്ങളിൽ അനുവദിച്ച ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിനായി ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് കെട്ടിടങ്ങളുടെ പൊസഷൻ മാത്രം ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.പി.വിജയകുമാർ
സ്പെ.സെക്രട്ടറി

To

1) രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി,കേരള ഹൈക്കോടതി,കൊച്ചി-682031
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5) ധനകാര്യ വകുപ്പ്
6) നിയമവകുപ്പ്
7) ആഭ്യന്തര(സി)വകുപ്പ്
8) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, റാന്നി (ഗ്രാമവികസന കമ്മീഷണർ മുഖേന)
9) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം(ഗ്രാമവികസന കമ്മീഷണർ മുഖേന)
10) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പൊന്നാനി (ഗ്രാമവികസന കമ്മീഷണർ മുഖേന)
11) ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
12) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്